ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 02.04.2024** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. രാജ്യത്തിൻറെ അതിർത്തി സംരക്ഷിക്കുന്നതിനും ഭീകരതയ്ക്കെതിരെ പോരാടുന്നതിനും ഇന്ത്യൻ സൈന്യം വഹിക്കുന്ന പങ്ക് നിർണ്ണായകമെന്ന് രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ്.

   **Indian Army plays a very important role in protecting the borders and fighting against terrorism said Minister of defence Rajnath Singh**

2. തെറ്റിദ്ധരിപ്പിക്കുന്ന പരസ്യങ്ങൾ നൽകിയതുമായി ബന്ധപ്പെട്ട കേസിൽ പതഞ്ജലിയുടെ സഹസ്ഥാപകൻ ബാബാ രാംദേവിനും മാനേജിംഗ് ഡയറക്ടർ ആചാര്യ ബാലകൃഷ്ണയ്ക്കുമെതിരെ രൂക്ഷ വിമർശനവുമായി സുപ്രീം കോടതി.

   **The Supreme Court today came down heavily on Patanjali Ayurved, its Managing Director Acharya Balkrishna and its co-founder Baba Ramdev in the misleading advertisements case.**

3. രാജ്യത്ത് വേനൽച്ചൂടിനൊപ്പം മുന്നണികളുടെ തെരഞ്ഞെടുപ്പ് പ്രചാരണത്തിനും ചൂടേറുന്നു. പത്രികാസമർപ്പണം പൂർത്തിയാവാൻ രണ്ടു ദിവസം ബാക്കി നിൽക്കേ കേരളത്തിൽ ഇതുവരെ 56 സ്ഥാനാർത്ഥികൾ പത്രിക സമർപ്പിച്ചു.

   **Election campaigns gain momentum in the country. With two days remaining to file the nominations, 56 candidates gave nominations in Kerala till date**

4. ഡൽഹി മദ്യനയ അഴിമതിക്കേസിൽ ആം ആദ്മി പാർട്ടി നേതാവും രാജ്യസഭാ എം.പിയുമായ സഞ്ജയ് സിംഗിന് സുപ്രീംകോടതി ജാമ്യം അനുവദിച്ചു.

**The Supreme Court today granted bail to Aam Aadmi Party leader and Rajya Sabha MP Sanjay Singh in alleged liquor excise policy scam.**

5. ഐ.എസ്.എൽ ഫുട്ബോളിൽ ഇന്ന് പഞ്ചാബ് എഫ് സി – ഒഡീഷാ പോരാട്ടം. ഐ.പി.എൽ ക്രിക്കറ്റിൽ റോയൽ ചലഞ്ചേഴ്സ് ബാംഗ്ലൂർ - ലക്നൗ സൂപ്പർ ജെയൻറ്സിനെ നേരിടുന്നു.

**In ISL football Punjab FC and Odisha to face eachother today and in IPL cricket the match between Royal Challengers Bangalore and Lucknow Super Giants underway**

&&&&&&&&&&&&&&&&&&

## HEAD LINE – 1

## RAJNATH–COMMANDER CONFERENCE

രാജ്യത്തിൻ്റെ അതിർത്തികൾ സംരക്ഷിക്കുന്നതിലും ഭീകരതയ്ക്കെതിരെയുള്ള പോരാട്ടത്തിലും സൈന്യം വഹിക്കുന്ന പങ്കിനെ പ്രകീർത്തിച്ച് രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിംഗ്. ന്യൂഡൽഹിയിൽ നടന്ന കരസേനാ കമാൻഡർമാരുടെ സമ്മേളനത്തെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. വടക്കൻ അതിർത്തികളിലെ നിലവിലെ സാഹചര്യം നേരിടാനും നയതന്ത്ര ചർച്ചകളുടെ പുരോഗതിക്കും സൈനിക പിന്തുണ അനിവാര്യമാണെന്നും രാജ്യരക്ഷാമന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&&&&

## HEAD LINE – 2

SC - PATANJALI

തെറ്റിദ്ധരിപ്പിക്കുന്ന പരസ്യങ്ങൾ നൽകിയതുമായി ബന്ധപ്പെട്ട കേസിൽ പതഞ്ജലി മാനേജിംഗ് ഡയറക്ടർ ആചാര്യ ബാലകൃഷ്ണ, സഹസ്ഥാപകൻ ബാബാ രാംദേവ് എന്നിവർക്കെതിരെ സുപ്രീം കോടതിയുടെ രൂക്ഷ വിമർശനം.

കോവിഡ് ഉൾപ്പെടെയുള്ള രോഗങ്ങൾ

ഭേദമാക്കുമെന്ന അവകാശവാദമുന്നയിച്ച പതഞ്ജലിയുടെ പരസ്യങ്ങൾക്കെതിരെ, ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ സമർപ്പിച്ച ഹർജി പരിഗണിക്കുകയായിരുന്നു സുപ്രീം കോടതി.

ഇത്തരം പരസ്യങ്ങളുടെ പേരിൽ പതഞ്ജലിക്കെതിരെ നടപടിയെടുക്കാത്തത് എന്തുകൊണ്ടാണെന്നും സുപ്രീംകോടതിയുടെ രണ്ട് അംഗ ബെഞ്ച് ആയുഷ് മന്ത്രാലയത്തോട് ചോദിച്ചു. ഒരാഴ്ചയ്ക്കുള്ളിൽ സത്യവാങ്മൂലം സമർപ്പിക്കാനും രാംദേവിനും ബാലകൃഷ്ണക്കും സുപ്രീം കോടതി നിർദേശം നൽകി .

&&&&&&&&&&&&&&&&&&

**HEAD LINE – 3**

**LOKSABHA ELECTION (INTRO)**

രാജ്യം ലോക്സഭാ തെരഞ്ഞെടുപ്പിനോട് അടുക്കുമ്പോൾ വേനൽ ചൂടിനൊപ്പം ഉയരുകയാണ് പ്രധാന രാഷ്ട്രീയ കക്ഷികളുടെ പ്രചാരണവും.

**വിശദാംശങ്ങളിലേക്ക്.... (വോയ്സ്)**

## LOKSABHA ELECTION (VOICE)

ആദ്യ ഘട്ട തെരഞ്ഞെടുപ്പിനുള്ള നാമനിർദ്ദേശ പത്രികകൾ പിൻവലിക്കേണ്ട സമയം കഴിഞ്ഞതോടെ എല്ലാ പാർട്ടികളും പ്രചാരണ രംഗത്ത് സജീവമായി. ബിഹാറിൽ നാമനിർദ്ദേശ പത്രിക പിൻവലിക്കുന്നതിനുള്ള സമയപരിധി അവസാനിച്ചത് ഇന്നാണ്.

ലക്ഷദ്വീപ് ഉൾപ്പെടെ 4 കേന്ദ്രഭരണ പ്രദേശങ്ങളിലെയും 17 സംസ്ഥാനങ്ങളിലെയും 102 മണ്ഡലങ്ങളിലാണ് ആദ്യഘട്ടത്തിൽ തെരഞ്ഞെടുപ്പ് നടക്കുന്നത്. ഏപ്രിൽ 19 നാണ് വോട്ടെടുപ്പ്. രണ്ടാം ഘട്ടത്തിൽ വോട്ടെടുപ്പ് നടക്കുന്ന കേരളം ഉൾപ്പെടെയുള്ള 12 സംസ്ഥാനങ്ങളിലെയും ഒരു കേന്ദ്ര ഭരണ പ്രദേശത്തെയും 89 മണ്ഡലങ്ങളിലേക്ക് വ്യാഴാഴ്ച വരെയാണ് പത്രിക സമർപ്പണം . രാജ്യവ്യാപകമായി ജൂൺ നാലിനാണ് വോട്ടെണ്ണൽ.

**ന്യൂസ് ഡെസ്ക് ആകാശവാണി....**

&&&&&&&&&&&&&&&&&&

**ECI- SPECIAL OBSERVERS**

ലോക്സഭാ, നിയമസഭാ തെരഞ്ഞെടുപ്പുകളുടെ മേൽനോട്ടം വഹിക്കുന്നതിന് ആറ് സംസ്ഥാനങ്ങളിൽ കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ പ്രത്യേക നിരീക്ഷകരെ നിയമിച്ചു. ഏഴ് കോടിയിലധികം ജനസംഖ്യയുള്ള പശ്ചിമ ബംഗാൾ, ഉത്തർപ്രദേശ്, മഹാരാഷ്ട്ര, ബീഹാർ എന്നീ സംസ്ഥാനങ്ങൾക്കൊപ്പം ഒരേസമയം ലോക്സഭാ, നിയമസഭാ തിരഞ്ഞെടുപ്പ് നടക്കുന്ന ആന്ധ്രാപ്രദേശ്, ഒഡീഷ സംസ്ഥാനങ്ങളിലേക്കാണ് നിരീക്ഷകരെ നിയമിച്ചത്. വോട്ടിംഗ് യന്ത്രങ്ങൾ, സുരക്ഷാ സംവിധാനങ്ങൾ എന്നിവയുടെ കൃത്യമായ മേൽനോട്ടം വഹിക്കുക വഴി ജനാധിപത്യ പ്രക്രിയയെ അട്ടിമറിക്കാനുള്ള ശ്രമങ്ങളെ തടയുക എന്ന നിർണായക ചുമതലയാണ് പ്രത്യേക നിരീക്ഷകരെ ഏൽപ്പിച്ചിരിക്കുന്നത് .

&&&&&&&&&&&&&&&&&&

**FUR. REV. PM- UTTARAKHAND ELECTION CAMPAIGN**

പ്രധാനമന്ത്രിയും മുതിർന്ന ബിജെപി നേതാവുമായ നരേന്ദ്രമോദി ഉത്തരാഖണ്ഡിലെ രുദ്രാപൂരിലും രാജസ്ഥാനിലെ കോട് പുത് ലിയിലും നടന്ന പൊതു സമ്മേളത്തിൽ പങ്കെടുത്തു. ബീഹാറിൽ ബി ജെ പി പ്രവർത്തകരുമായി അദ്ദേഹം നമോ ആപ്പുവഴി സംവദിച്ചു. സംസ്ഥാനങ്ങളുടെ വികസനത്തിനായി എൻഡിഎ സർക്കാർ സ്വീകരിച്ച നടപടികളെക്കുറിച്ച് പ്രധാനമന്ത്രി പ്രചാരണയോഗങ്ങളിൽ സംസാരിച്ചു.

&&&&&&&&&&&&&&&&&&

**CONGRESS-EC MEET**

സംസ്ഥാനങ്ങളിലും കേന്ദ്ര ഭരണ പ്രദേശങ്ങളിലും തെറ്റിദ്ധരിപ്പിക്കുന്നതും ഭിന്നിപ്പിക്കുന്നതുമായ പരസ്യങ്ങൾ ഒഴിവാക്കണമെന്ന്ആവശ്യപ്പെട്ട് കോൺഗ്രസ് പ്രതിനിധി സംഘം തിരഞ്ഞെടുപ്പ് കമ്മീഷനെ കണ്ടു. ആന്ധ്രാപ്രദേശിൽ നടപ്പാക്കിയ പദ്ധതികളുടെ പരസ്യങ്ങളിൽ നിന്ന് ആന്ധ്രാപ്രദേശ് മുഖ്യമന്ത്രിയുടെ ചിത്രം ഒഴിവാക്കിയതുമായി ബന്ധപ്പെട്ടാണ്

നേതാക്കൾ തിരഞ്ഞെടുപ്പ് കമ്മിഷനെ കണ്ടത്. ഇത്തരം വാർത്തകളും തടയാൻ സാങ്കേതികവിദ്യയുടെ സഹായം പ്രയോജനപ്പെടുത്തണമെന്നും കോൺഗ്രസ് നേതാക്കൾ ആവശ്യപ്പെട്ടിട്ടുണ്ട്.

&&&&&&&&&&&&&&&&&&&

**KARNATAKA- CM**

കർണ്ണാടകം വരൾച്ച നേരിട്ടപ്പോൾ കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ സന്ദർശനം നടത്തിയില്ലെന്ന് ആരോപണമുന്നയിച്ച് കർണാടക മുഖ്യമന്ത്രി സിദ്ധരാമയ്യ. മൈസൂരുവിൽ മാധ്യമപ്രവർത്തകരോട് സംസാരിക്കുകയായിരുന്നു അദ്ദേഹം . വരൾച്ചക്കെടുതിയിൽ പ്രതികരിക്കാത്ത ബിജെപിക്ക് ജനങ്ങൾ വോട്ട് ചെയ്യണോയെന്ന് സിദ്ധരാമയ്യ അമിത് ഷായോട് ചോദ്യമുന്നയിച്ചു .

&&&&&&&&&&&&&&&&&&&

**SANJAY KAUL**

കേരളത്തിൽ നാമനിർദ്ദേശ പത്രിക സമർപ്പിക്കുന്നതിന് രണ്ട് ദിവസം മാത്രം അവശേഷിക്കേ, 42 സ്ഥാനാർത്ഥികൾ കൂടി ഇന്ന് നാമനിർദ്ദേശ പത്രിക നൽകി. മാർച്ച് 28 ന് നാമനിർദ്ദേശ പത്രികാ സമർപ്പണം തുടങ്ങിയതു മുതൽ ഇതുവരെ സംസ്ഥാനത്ത് ആകെ 56 സ്ഥാനാർത്ഥികളാണ് പത്രിക സമർപ്പിച്ചത്. ആകെ ലഭിച്ചത് 79 നാമനിർദ്ദേശ പത്രികകളാണ്. ഏപ്രിൽ നാലാണ് നാമനിർദ്ദേശ പത്രിക സമർപ്പിക്കുന്നതിനുള്ള അവസാന തീയതി. സൂക്ഷ്മ പരിശോധന ഏപ്രിൽ 5 ന് നടക്കും.

&&&&&&&&&&&&&&&&&&&

**HEAD LINE – 4**

**SC- SANJAY SINGH**

ഡൽഹി മദ്യനയ അഴിമതിക്കേസിൽ ജയിലിലായിരുന്ന ആം ആദ്മി പാർട്ടി നേതാവും രാജ്യസഭാ എംപിയുമായ സഞ്ജയ് സിംഗിന് സുപ്രീം കോടതി ജാമ്യം അനുവദിച്ചു. ജസ്റ്റിസ് സഞ്ജീവ് ഖന്ന, ജസ്റ്റിസ് ദീപാങ്കർ ദത്ത, ജസ്റ്റിസ് പ്രസന്ന ബി വരലെ എന്നിവരടങ്ങിയ ബെഞ്ചാണ് സഞ്ജയ് സിംഗിന് ജാമ്യം

അനുവദിച്ചത് . രാഷ്ട്രീയ പ്രവർത്തനങ്ങളിൽ അദ്ദേഹത്തിന് പങ്കെടുക്കാമെങ്കിലും ഇഡി അന്വേഷണത്തെക്കുറിച്ച് പരസ്യ പ്രസ്താവന നടത്താൻ പാടില്ല. കഴിഞ്ഞ വർഷം ഒക്ടോബറിലാണ് സഞ്ജയ് സിംഗ് അറസ്റ്റിലായത് .

&&&&&&&&&&&&&&&&&&

## KHULA UPDATED

ഖുല നിയമം അവലംബിക്കാനുള്ള മുസ്‌ലിം സ്ത്രീകളുടെ നിരുപാധിക അവകാശത്തെ അംഗീകരിച്ച കേരള ഹൈക്കോടതി വിധിക്ക് എതിരെ സമർപ്പിച്ച ഹർജിയിൽ സുപ്രീം കോടതി നോട്ടീസ് അയച്ചു. ഹൈക്കോടതി വിധിയെ ചോദ്യം ചെയ്ത് , കേരള മുസ്ലീം ജമാഅത്തും സ്വകാര്യ വ്യക്തിയും പ്രത്യേകം സമർപ്പിച്ച ഹർജികളാണ് സുപ്രീം കോടതി പരിഗണിച്ചത് .

തൻ്റെ ഭർത്താവിന് ഏകപക്ഷീയമായി വിവാഹമോചനം നൽകാൻ ഒരു മുസ്ലീം സ്ത്രീക്ക് അവകാശം നൽകുന്നതാണ് ഖുലാ' . മുസ്ലീം സ്ത്രീക്ക് അവരുടെ അവകാശങ്ങൾ സംരക്ഷിക്കാൻ ഈ അധികാരം നൽകിയിരിക്കുന്നു.

&&&&&&&&&&&&&&&&&&

## MENTAL HEALTH REVIEW BOARD

കേരളത്തിൽ മാനസിക ആരോഗ്യ അവലോകന ബോർഡുകളുടെ പ്രവർത്തനം ആരംഭിച്ചു. തിരുവനന്തപുരം, കോട്ടയം, തൃശൂർ, കോഴിക്കോട് ജില്ലകളിലാണ് പ്രാരംഭഘട്ടത്തിൽ ബോർഡുകൾ പ്രവർത്തിക്കുക. കഴിഞ്ഞ മാസം 14നാണ് ബോർഡിൻറെ പ്രവർത്തനം സംസ്ഥാനത്ത് അടിയന്തരമായി ആരംഭിക്കാൻ സർക്കാർ ഉത്തരവിറക്കിയത്. മാനസികാരോഗ്യ പരിചരണവും, സേവനങ്ങളും നൽകുന്നതിനും അവരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനുമുള്ള ഒരു ക്വാസി ജ്യുഡിഷ്യൽ സംവിധാനമാണ് മെന്റൽ ഹെൽത്ത് റിവ്യൂ ബോർഡ്.

&&&&&&&&&&&&&&&&&&

## MEA- ARUNACHAL PRADESH

അരുണാചൽ പ്രദേശിലെ വിവിധ സ്ഥലങ്ങൾക്ക് പുതിയ പേരുകൾ നൽകുന്ന ചൈനയുടെ നടപടിയെ ഇന്ത്യ അപലപിച്ചു. അരുണാചൽ പ്രദേശ് ഇന്ത്യയുടെ അവിഭാജ്യ ഘടകമാണെന്ന യാഥാർത്ഥ്യത്തെ ഇല്ലാതാക്കാൻ ഇത്തരം നടപടികൾ സഹായിക്കില്ലെന്ന് വിദേശകാര്യ വക്താവ് രൺധീർ ജയ്സ്വാൾ പറഞ്ഞു. ചൈനയുടെ പ്രകോപനപരമായ നീക്കത്തെ അപലപിച്ച വിദേശകാര്യമന്ത്രി എസ്. ജയശങ്കർ അരുണാചൽപ്രദേശ് എന്നും ഒരു ഇന്ത്യൻ സംസ്ഥാനം ആയിരിക്കുമെന്നും, സ്ഥലങ്ങളുടെ പേരുകൾ മാറ്റുന്നത് ഇതിനെ ഇല്ലാതാക്കില്ലെന്നും അഭിപ്രായപ്പെട്ടു.

&&&&&&&&&&&&&&&&&&

**ISRAEL- AL JAZEERA BAN**

അൽ ജസീറ ഉൾപ്പെടെയുള്ള ടിവി ചാനലുകളുടെ സംപ്രേഷണത്തിന് ഇസ്രായേലിൽ താൽകാലിക നിരോധനം. അൽജസീറയുടെ പ്രാദേശിക ഓഫീസ് അടച്ചുപൂട്ടാൻ ഉടൻ നടപടിയെടുക്കുമെന്ന് പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹു പറഞ്ഞു. ദേശീയ സുരക്ഷയ്ക്ക് ഭീഷണിയാണെന്ന് കരുതുന്ന മാധ്യമങ്ങൾക്കാണ് 45 ദിവസത്തേക്ക് നിരോധനം ഏർപ്പെടുത്തിയത്. വിദേശ മാധ്യമങ്ങൾക്ക് ഗാസയിൽ പ്രവേശിക്കുന്നതിന് വിലക്കുണ്ട്. അൽ ജസീറ മാത്രമാണ് യുദ്ധം റിപ്പോർട്ട് ചെയ്യാൻ നിലവിൽ അവിടെ നിലയുറപ്പിച്ചിട്ടുള്ളത്. ചാനൽ ജീവനക്കാരെ ഇസ്രയേൽ മനഃപൂർവം ലക്ഷ്യമിടുന്നുവെന്ന അൽജസിറയുടെ ആരോപണം ഇസ്രായേൽ നിഷേധിച്ചു. അതിനിടെ നടപടിയിൽ അമേരിക്ക ആശങ്ക പ്രകടിപ്പിച്ചു.

&&&&&&&&&&&&&&&&&&

**SYRIA ATTACK**

ഡമാസ്കസിലെ ഇറാൻ കോൺസുലേറ്റിന് നേരെ ഇസ്രായേൽ നടത്തിയ വ്യോമാക്രമണത്തിൽ ഇറാൻ റെവല്യൂഷണറി ഗാർഡിലെ രണ്ട് ജനറൽമാർ ഉൾപ്പെടെ 11 പേർ കൊല്ലപ്പെട്ടു. ഏഴ് ഉദ്യോഗസ്ഥർ കൊല്ലപ്പെട്ടതായി റെവല്യൂഷണറി ഗാർഡ്സ് ഔദ്യോഗികമായി സ്ഥിരീകരിച്ചു. ഇറാൻ, സിറിയൻ സർക്കാരുകൾ ആക്രമണത്തെ അപലപിച്ചിട്ടുണ്ട്.

&&&&&&&&&&&&&&&&&&

## HEAD LINE – 5

## ISL

ഐ എസ് എൽ ഫുട്ബോളിൽ ഇന്ന് പഞ്ചാബ് എഫ് സി ഒഡീഷ പോരാട്ടം. ഒഡിഷയിലെ കലിംഗ സ്റ്റേഡിയത്തിലാണ് മത്സരം. നാളെ ഐ.എസ്.എല്ലിൽ കേരള ബ്ലാസ്റ്റേഴ്സ് – ഈസ്റ്റ് ബംഗാളിനെ നേരിടും. കൊച്ചി ജവഹർലാൽ നെഹ്റു സ്റ്റേഡിയത്തിലാണ് മത്സരം.

&&&&&&&&&&&&&&&&&&

## IPL

ഐപിഎൽ ക്രിക്കറ്റിൽ ടോസ് നേടിയ റോയൽ ചലഞ്ചേഴ്സ് ബാംഗ്ലൂർ ലക്നൗ സൂപ്പർ ജയൻ്റ്സിനെ ബാറ്റിംഗിനയച്ചു. ബംഗളുരു ചിന്നസ്വാമി സ്റ്റേഡിയത്തിലാണ് മത്സരം.

&&&&&&&&&&&&&&&&&&

## WEATHER

കേരളത്തിൽ വരും ദിവസങ്ങളിലും പകൽ താപനില വർദ്ധിക്കാൻ സാധ്യത. ഇന്ന് 12 ജില്ലകളിൽ മഞ്ഞ ജാഗ്രത നൽകിയിട്ടുണ്ട്. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം,എറണാകുളം,തൃശ്ശൂർ,പാലക്കാട്,കണ്ണൂർ, കോഴിക്കോട്,മലപ്പുറം, കാസർകോട് ജില്ലകളിലാണ് മുന്നറിയിപ്പ്. കള്ളക്കടൽ പ്രതിഭാസത്തിൻ്റെ പശ്ചാതലത്തിൽ കേരള തീരത്ത് ഇന്ന് രാത്രി 11.30 വരെ 1.6 മീറ്റർ വരെ ഉയർന്ന തിരമാലയ്ക്കും കടലാക്രമണത്തിനും സാധ്യതയുണ്ടെന്ന് ദേശീയ സമുദ്ര സ്ഥിതി പഠന ഗവേഷണ കേന്ദ്രം അറിയിച്ചു. മത്സ്യതൊഴിലാളികളും

തീരദേശവാസികളും
ജാഗ്രത പാലിക്കണം.

&&&&&&&&&&&&&&&&&&

**KOTTAYAM - DEAD**

കഴിഞ്ഞ ദിവസം തിരുവനന്തപുരത്ത് നിന്ന് കാണാതായ അദ്ധ്യാപികയെയും കോട്ടയം സ്വദേശികളായ ദമ്പതികളെയും അരുണാചലിലെ ഇറ്റാനഗറിൽ മരിച്ച നിലയിൽ കണ്ടെത്തി . ദമ്പതികളായ നവീനെയും ദേവിയെയും അദ്ധ്യാപികയായ ആര്യയെയുമാണ് മരിച്ച നിലയിൽ കണ്ടെത്തിയത്. ഇറ്റാനഗറിലെ ഹോട്ടലിലാണ് മൂന്ന് പേരുടെയും മൃതദേഹങ്ങൾ കണ്ടെത്തിയത്. മരണ കാരണം വ്യക്തമല്ല.

&&&&&&&&&&&&&&&&&&

**CONGO - FIRST FEMALE PM**

ആഫ്രിക്കൻ മണ്ണിൽ നിന്ന് ആദ്യ വനിതാ പ്രധാനമന്ത്രി.
ജൂഡിത്ത് സുമിൻവ തുലൂക്കയാണ് (Judith Suminwa Tuluka) ഡെമോക്രാറ്റിക് റിപ്പബ്ലിക് ഓഫ് കോംഗോയുടെ പുതിയ പ്രധാനമന്ത്രിയാകുന്നത്.

&&&&&&&&&&&&&&&&&&

**SENSEX**

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം .ബോംബെ ഓഹരി സൂചിക സെൻസെക്സ് 111 പോയിന്റ് നഷ്ടത്തിൽ 73,904 ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 9 പോയിന്റ് താഴ്ന്നു 22,453ലും വ്യാപാരം അവസാനിപ്പിച്ചു .

&&&&&&&&&&&&&&

&&&&&&&&&&&

&&&&&&&